## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1192** **31.10.2019 ൽ മറുപടിക്ക്**

### താനൂർ മണ്ഡലത്തിലെ തീരദേശ ഹൈവേ

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) താനൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; | (എ) താനൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന പാതയുടെ റീച്ച് -1 പ്രവർത്തിയായ പടിഞ്ഞാറേക്കര മുതൽ ഉണ്ണ്യാൽ ജംഗ്ഷൻ വരെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ഏറ്റെടുത്ത് കാനകളുടേയും കലുങ്കുകളുടേയും പാർശ്വഭിത്തികളുടേയും പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവർത്തിയുടെ റീച്ച് 2-ന്റെ ഡി.പി.ആർ തയ്യാറാക്കി വരുന്നു. ഫ്ളൈഓവർ ഉൾപ്പെടുന്ന അടുത്ത റീച്ചിലെ അലൈൻമെന്റ് തയ്യാറാക്കിയെങ്കിലും കൂടുതൽ വീടുകളും, കെട്ടിടങ്ങളും പ്രസ്തുത അലൈൻമെന്റിൽ ഉൾപ്പെട്ടതിനാൽ കിഫ്ബിയുടെ നേതൃത്വത്തിൽ ഡ്രോൺ സർവ്വേ നടത്തി അലൈൻമെൻറ് ഫിക്സ് ചെയ്തതിനുശേഷം മാത്രമേ ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. റീച്ച് 3-ന്റെ ഡി.പി.ആർ തയ്യാറാക്കി തുടർനടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) മേൽ പ്രവർത്തിയുടെ റീച്ച്-2 ൽ ആവശ്യമായ സ്ഥലം ലഭ്യമല്ല. ആയതിനാൽ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. കൂടാതെ കെട്ടുങ്ങൽ പാലത്തിന് സമീപവും സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. താനൂർ മേല്പാലത്തിനുള്ള അലൈൻമെൻറ് കിഫ്ബി മുഖാന്തിരം ഡ്രോൺ സർവ്വേ നടത്തി അലൈൻമെന്റ് നിശ്ചയിച്ചുകിട്ടേണ്ടതുണ്ട്. |

| | |
|---|---|
| (സി) താനൂർ ഭാഗത്തുകൂടിയുള്ള തീരദേശ ഹൈവേയുടെ നിർമ്മാണം എപ്പോൾ ആരംഭിച്ച് എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്എന്ന് വ്യക്തമാക്കാമോ | (സി) നിലവിൽ പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന റീച്ച്-1 സൂച്ച് 08/03/2019 -ൽ പ്രവർത്തി ആരംഭിച്ചിട്ടുണ്ട്. ഇത് 07/09/2020 നുള്ളിൽ പൂർത്തീകരിക്കാൻകഴിയും ബാക്കി ഭാഗങ്ങളിൽ തടസ്സങ്ങൾ നീങ്ങുന്ന മുറക്ക് മാത്രമേ പ്രവർത്തി ആരംഭിക്കാനാവൂ. അതിനുശേഷം മാത്രമേ പൂർത്തീകരണം സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരുത്താനാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ